ഒരുതുള്ളി ദുഃഖം

[Malayalam]

ORUTHULLI DUKHAM

]Short Play]

By: **MOHAMED PUZHAKKARA**

First Published November 1972

Copies: 1000

Price Re. 1-00

Printed at

GEETHA PRINTERS, Muvattupuzha

Published by the Author

Distributors:

VICTORY BOOK HOUSE

Muvattupuzha — Kerala

ഒരുതുള്ളി ദുഃഖം

(ലഘുനാടകം)

മുഹമ്മദ് പുഴക്കര

വിതരണം

വിക്ടറി ബുക്ക്ഹൗസ്

മൂവാററുപുഴ — കേരള

വില ക. 1-00

ഈ നാടകത്തിലെ കഥാപാത്രങ്ങൾ

രാജശേഖരൻ	—	കോളേജ് പ്രൊഫസർ 30 വയസ്സ്
ഗോപാലമേനോൻ	—	ബ്ലഡ് പ്രഷർ രോഗി 58 വയസ്സ്.
മാലതി	—	രാജശേഖരൻെറ ഭാര്യ. ഗോപാലമേനോൻെറ മകൾ 23 വയസ്സ്
ബാലൻ	—	ഒരു ഭ്രാന്തൻ 28 വയസ്സ്
ഡോക്ടർ ജെയിംസ്	—	രാജശേഖരൻെറ ഒരു സുഹൃ ത്ത്. 30 വയസ്സ്

ഒന്നു പറയട്ടെ—

ഇതു്, ഞാനംഗപ്പെടുന്ന മൂവാററുപുഴയിലെ ഒരു കലാസമിതിക്കുവേണ്ടി എഴുതിയ ഒരു ലഘുനാടകമാണു്. ആദ്യമായി ഈ ലഘുനാടകം അവതരിപ്പിച്ചപ്പോൾ [വെങ്ങോല ശാലേംഹൈസ്കൂൾ ഓൾഡ്സ്റ്റുഡൻസ് അസ്സോസിയേഷൻ സംഘടിപ്പിച്ച അഖിലകേരള ഏകാങ്കനാടക മത്സരത്തിൽ] അവതരണത്തിനും, ഏററവും നല്ല നടനും, നടിക്കുമുള്ള ഒന്നാംസമ്മാനങ്ങൾ കരസ്ഥമാക്കുകയുണ്ടായി. പിന്നീടു്, മൂവാററുപുഴയിലെ ''മേള'' സംഘടിപ്പിച്ച അഖിലകേരള നാടകമത്സരത്തിൽ അവതരണത്തിനുള്ള ഒന്നാംസമ്മാനവും നേടുകയുണ്ടായി.

വായിച്ചു നോക്കുക—
തൃപ്തിപ്പെട്ടാൽ അവതരിപ്പിക്കുക.

ഒരു നല്ല സ്റ്റേജ്—
കഴിവുള്ള നടീനടന്മാർ—
പ്രഗത്ഭനായ ഒരു സംവിധായകൻ—

ഇവ കണ്ടുകൊണ്ടുവേണം ഈ നാടകം തെരഞ്ഞെടുക്കാൻ.

മൂവാററുപുഴ.
1–11–72.

മുഹമ്മദ് പുഴക്കര

ഈ നാടകം ആദ്യമായി അവതരിപ്പിച്ച പ്പോൾ പങ്കെടുത്തവർ

രാജശേഖരൻ	—	മുഹമ്മദ് പുഴക്കര
ഗോപാലമേനോൻ	—	തോമസ് ഈ. എം;
മാലതി	—	മാലതി
ബാലൻ	—	അലിയാർ റോക്കലിൽ
ഡോക്ടർ ജെയിംസ്	—	വി. ഐ. നസീർ

സംവിധാനം.

രഘുനാഥ് S. പാവന

രംഗം ഒന്നു്

(പ്രൊഫസർ രാജശേഖരന്റെ ഭവനം. ആധുനിക രീതിയുള്ള സജ്ജീകരണങ്ങൾ. റേഡിയോ, ഫോൺ എന്നിവയെല്ലാം അവിടെയുണ്ടു്.

കർട്ടനുയരുമ്പോൾ രംഗത്താരുമില്ല.

[കർട്ടനുയരുന്നതിനുമുമ്പുതന്നെ ഒരു വൃന്ദഗാനത്തിന്റെ ഈരടികൾ കേൾക്കാം. ഗാനത്തിന്റെ അവസാനത്തോടുകൂടി കർട്ടനുയരുമ്പോൾ, ആ ഗാനം റേഡിയോവിൽ കൂടിയാണു് നാം കേൾക്കുന്നതു്.]

ഗാനമവസാനിച്ചപ്പോൾ—അല്പം കഴിഞ്ഞു് മാലതി അകത്തുനിന്നും വരുന്നു. ഒരു കുലീന സ്ത്രീയുടെ പ്രൌഢിയുണ്ടു് അവൾക്കു്. സുന്ദരിയാണു്. വെള്ളസാരിയും ബ്ലൗസും ധരിച്ചിരിക്കുന്നു. കഴുത്തിലൊരു ചെയിൻ. മാലതി റേഡിയോ ഓഫു് ചെയ്തശേഷം തിരിച്ചകത്തേക്കു് പോകാൻ തുടങ്ങുമ്പോൾ—വെളിയിൽ നിന്നും ഗോപാലമേനോൻ പ്രവേശിക്കുന്നു. ജൂബ്ബയും വേഷ്ടിയും ധരിച്ചിരിക്കുന്നു. കണ്ണടയുണ്ടു്. വാ

ക്കിംഗ് സ്റ്റിക്ക്, ബാഗ് എന്നിവ കൈയ്യിലുണ്ട്.)

ഗോ: മേ: മോളെ, മാലതി!

മാലതി: (തിരിഞ്ഞ് ഉത്ക്കടമായ സന്തോഷത്തോടെ) അച്ഛൻ! (അടുത്തുചെന്ന് ബാഗും, വാക്കിംഗ് സ്റ്റിക്കും വാങ്ങി–) അച്ഛൻ വരുമെന്ന് ഞാൻ കരുതിയതേയില്ല.

ഗോ: മേ: (പിരിച്ച്) നീ പ്രതീക്ഷിക്കാത്ത ഒരവസരത്തിൽത്തന്നെ ഞാനെത്തി–അല്ലേ?

മാലതി: (ബാഗും സ്റ്റിക്കും ടീപോയിൽ വെച്ച്–) ഇപ്പോഴെങ്കിലും വരാൻ അച്ഛന് തോന്നിയല്ലോ.

ഗോ: മേ: (ഇരുന്നശേഷം) വരാനാഗ്രഹമില്ലാഞ്ഞിട്ടല്ല മോളെ. കുറെ നാളുകളായി ഇങ്ങോട്ട് വരണമെന്ന് വിചാരിക്കുന്നു. ഈയിടെയായി അച്ഛനു പ്രഷറിന്റെ ഉപദ്രവം അല്പം കൂടുതലായിരുന്നു.

മാലതി: ഡോക്ടറെ കാണിച്ചില്ലെ?

ഗോ: മേ: ഉവ്വ്. ഇപ്പോഴും കുറവുണ്ട്.

മാലതി: എനിക്കച്ഛനെ കാണാൻ എന്ത് കൊതിയായിരുന്നെന്നോ!

ഗോ: മേ: (മകളെ നോക്കി ചിരിക്കുന്നു.) ങ് രാജശേഖരൻ വന്നില്ലെ?

മാലതി: ഇല്ല. വരുന്ന സമയമാകുന്നതേയുള്ളു.

ഗോ: മേ: വരുന്ന വഴി ക്ലബ്ബിലൊ മറ്റോ കയറുമായിരിക്കും?

മാലതി: ഇല്ല. ഇവിടെ വന്നിട്ടേ പോവുകയുള്ളു.

ഗോ: മേ: രാജശേഖരൻ നായക്കും എന്നോടു പരിഭവ മായിരിക്കും?

മാലതി: ഞങ്ങാംക്കു് പരിഭവമുണ്ടാകുന്നതു് തെററാണോ അച്ഛാ?

ഗോ: മേ: (ചിരച്ചു്) നിങ്ങളുടെ പരിഭവം തീരുന്നതു വരെ ഇവിടെ താമസിക്കാൻ തീരുമാനിച്ചുറച്ചാണു് ഇത്തവണ അച്ഛനിങ്ങോട്ടു വന്നിരിക്കുന്നതു്. എന്താ പോരെ?

മാലതി: തീർച്ച?

ഗോ: മേ: തീർച്ച. (ഇരുവരും ചിരിക്കുന്നു.)

മാലതി: ഇതു കേറംക്കുമ്പോറം അദ്ദേഹത്തിനു് എന്തു് സന്തോഷമായിരിക്കുമെന്നോ!

ഗോ: മേ; നിങ്ങളുടെ സന്തോഷമാണു് മോളെ എന്റെ ജീവിതലക്ഷ്യം.........ങ് എനിക്കു് യാത്രാക്ഷീണം ഏറെയുണ്ടു്. എനിക്കൊന്നു് മേക്കഴുകണം.

മാലതി: ഞാൻ വെള്ളം ചൂടാക്കാം.

ഗോ: മേ: വേണ്ട. വേലക്കാരോടു് പറഞ്ഞാൽ മതി.

മാലതി: വേലക്കാരായാൽ ശരിയാവുകയില്ല. അച്ഛന്റെ പാകം എനിക്കല്ലേ അറിയൂ.

(മാലതി ബാഗ്ഗു് എടുത്തുകൊണ്ടു് അകത്തേയ്ക്കു് പോകുന്നു. ഗോപാലമേനോൻ മകറം പോകുന്നതു് നോക്കി പുഞ്ചിരിച്ചശേഷം, നടുമുറിയിലേയ്ക്കു് പോകുന്നു. നിമിഷങ്ങറം കഴിഞ്ഞു്—വെളിയിൽനിന്നും രാജശേഖരൻ പ്രവേശിക്കുന്നു. പാൻറും കോട്ടും വേഷം. കണ്ണട ധരിച്ചിട്ടുണ്ടു്. കയ്യിലൊരു പുസ്തകമുണ്ടു്. കസേരയിൽ വന്നിരുന്നു് അകത്തേക്കു നോക്കി വിളിക്കുന്നു.)

രാ: ശേ: മാലതീ.

(നിശ്ശബ്ദം)

മാലതീ. (അല്പം കഴിഞ്ഞു് മാലതി പ്രവേശിക്കുന്നു.)

മാലതി: (പുഞ്ചിരിയോടെ) ഞാനകത്തായിരുന്നു.

രാ: ശേ: എനിക്കു മനസ്സിലായി. ഞാൻ നിന്നെ രണ്ടു പ്രാവശ്യം വിളിച്ചു.

മാലതി: ഞാൻ കേട്ടു.

രാ: ശേ: പതിവങ്ങനെയല്ല.

മാലതി: ഞാൻ വെള്ളം ചൂടാക്കുകയായിരുന്നു.

രാ: ശേ: അതിനാണിവിടെ വേലക്കാരെ വച്ചിട്ടുള്ളതു്.

മാലതി: അച്ഛനു് കുളിക്കാനാണു്.

രാ: ശേ: അച്ഛനോ? എപ്പോഴാ വന്നു?

മാലതി: കുറച്ചു നേരമായി.

രാ: ശേ: എന്നിട്ടു് നീയതെന്നോടു് പറഞ്ഞില്ല.

മാലതി: അതിനുമുമ്പു് ചാടി കടിക്കാൻ തുടങ്ങിയിയില്ലേ?.

രാ: ശേ: (ചിരിച്ചു്) മാലതി ഞാനെന്തു് പറഞ്ഞാലും അതു് നിന്നോടുള്ള സ്നേഹക്കൂടുതൽ കൊണ്ടാണെന്നു് നിനക്കറിയില്ലേ? ആ വിശ്വാസത്തിലാണു് ഞാനെന്തും നിന്നോടു തുറന്നു പറയാൻ മടിക്കാത്തതും.

മാലതി: അതെനിക്കറിയാം. എങ്കിലും അല്പമൊക്കെ ക്ഷമ കാണിച്ചുകൂടെ?

രാ: ശേ: (ചിരിയോടെ) ഉത്തരവ്! (വീണ്ടും ചിരിക്കുന്നു. മാലതി ചിരിച്ചുകൊണ്ട് ഫ്ളവർവേസിലെ പൂക്കളെ തലോടിക്കൊണ്ട് നില്ക്കുന്നു. രാജശേഖരൻ അതു് ശ്രദ്ധിക്കുന്നു.) എത്ര ഭംഗിയുള്ള പൂക്കൾ! അല്ലേ മാലതി?

മാലതി: അതെ.

രാ: ശേ: അടക്കിപ്പിടിച്ച ദുഃഖവുമായി കഴിയുന്ന ജീവിതത്തിന്റെ പ്രതീകമാണീ പൂക്കൾ! മണവും ഗുണവുമില്ലാത്ത വെറും കടലാസ്സു പൂക്കൾ! അല്ലേ?

മാലതി: (Pouse) രാജശേഖരന്റെ മുഖത്തേക്കു് നോക്കുന്നു. അവളുടെ കണ്ണുകൾ നിറഞ്ഞിരുന്നു.) അങ്ങ് എന്നെ വേദനിപ്പിക്കുന്നു!

രാ: ശേ: നീയും ഞാനും വേദനയാണ് മാലതി. ഒടുങ്ങാത്ത വേദന!

മാലതി: ഒടുങ്ങുകയില്ലെന്നാരു കണ്ടു?

രാ: ശേ: എനിക്കങ്ങനെ തോന്നുന്നു. (Pouse)

മാലതി: ഈ ബന്ധം ആവശ്യമില്ലായിരുന്നുവെന്ന് അങ്ങേക്കിപ്പോൾ തോന്നുന്നുണ്ടാവും?

രാ: ശേ: മാലതി! അസംബന്ധം പറയാതിരിക്കൂ.

(വിഷയം മാററാൻ ശ്രമിച്ച്.) മാലതി, ഞാൻ ഡോക്ടറെ കണ്ടിരുന്നു. നിന്നെ ഒരു മെഡിക്കൽ ചെക്കപ്പിനു് വിധേയയാക്കണമെന്നാണു് അവരു അഭിപ്രായം.

മാലതി: (ഭീതിയോടെ) വേണ്ട.

രാ: ശേ: എന്തുകൊണ്ട്?

മാലതി: (ഒഴിഞ്ഞുമാറാൻ ശ്രമിച്ച്) അതിന്റെ ആവശ്യമില്ല.

രാ: ശേ: കാരണം?

മാലതി: എന്നെങ്കിലും ഒരമ്മയാകാൻ കഴിഞ്ഞേക്കമെന്നു് ഞാനിന്നും വിശ്വസിക്കുന്നു.

രാ: ശേ: ആ വിശ്വാസംകൂടി നഷ്ടപ്പെട്ടങ്കിലോയെന്നു് നീ ഭയപ്പെടുന്നു. അല്ലേ? (Pouse) ഒരച്ഛനാകാനുള്ള എന്റെ ആഗ്രഹത്തിന്റെ ആഴം, നിന്നോടല്ലാതെ ഞാനാരോടു പറയും മാലതി?

(മാലതി കരയുന്നു.)

നീ വേദനിക്കാൻ വേണ്ടിയല്ല ഞാനിതു് പറഞ്ഞതു് എന്റെ മനസ്സിന്റെ ഒടുങ്ങാത്ത വേദനയാണിതു്. അതു നിന്നോടു പറഞ്ഞെന്നു് മാത്രം.

മാലതി: ഞാനൊരു ദുശ്ശകുനമാണല്ലേ?

രാ: ശേ: മാലതി! (Pouse) ഗോപാലമേനോൻ കടന്നു വരുന്നു. മുണ്ടും ബനിയനുമാണു് വേഷം.)

ഗോ: മേ: രാജശേഖരനോ? നീ എപ്പോഴാം വന്നു?

(മാലതി അകത്തേക്കു് പോകുന്നു.)

രാ: ശേ: ഞാനിപ്പോഴാം വന്നതേയുള്ളു. അച്ഛൻ വന്ന വിവരം മാലതി പറഞ്ഞു.

ഗോ: മേ: നിങ്ങൾക്കെന്നെക്കാണാനാഗ്രഹമില്ലെങ്കിലും, എനിക്കു് നിങ്ങളെ കാണാതിരിക്കാൻ പററില്ലല്ലോ.

രാ: ശേ: ആഗ്രഹമില്ലാഞ്ഞിട്ടല്ല; ജോലിത്തിരക്കേറെയുള്ളതുകൊണ്ടാണു്.

ഗോ: മേ: ആത്മാർത്ഥതയും, സത്യസന്ധതയുമുള്ളവർക്കു്

ജോലിത്തിരക്കൊഴിഞ്ഞിട്ട് നേരമുണ്ടാവില്ല. നിന്നെ സംബന്ധിച്ച് അതല്പം കൂടിപോകുന്നില്ലേയെന്ന് സംശയിക്കുന്നു.

രാ: ശേ: ഞാൻ ചെയ്യുന്ന പ്രവൃത്തിയോട് നീതിപുലത്തണമെന്നെനിക്കാഗ്രഹമുണ്ട്.

ഗോ: മേ: കൊള്ളാം. അങ്ങനെതന്നെയാണ് വേണ്ടത്. എല്ലാവരും നിന്നേപ്പോലെയായിരുന്നുവെങ്കിൽ ഈ നാടിന്റെ മുഖഛായതന്നെ മാറുമായിരുന്നു.

(മാലതി കടന്നുവരുന്നു)

മാലതി: വരൂ. കാപ്പി കുടിക്കാം.

ഗോ. മേ. ശരി കാപ്പികുടിച്ചുകളയാം.

(മൂവരും അകത്തേക്ക് പോകാൻ തുടങ്ങുമ്പോൾ വെളിയിൽ—റോഡിൽനിന്നും—ഉച്ചത്തിലുള്ള ബഹളവും അട്ടഹാസങ്ങളും കേൾക്കുന്നു. മൂവരും അതു് ശ്രദ്ധിക്കുന്നു.)

ഗോ. മേ, എന്താണവിടെയൊരു ബഹളം?

രാ. ശേ. (വാതില്ക്കൽചെന്ന് വെളിയിലേക്കു നോക്കിയശേഷം) ഒരു ഭ്രാന്തനാണ്. കുറച്ചു ദിവസങ്ങളായി അയാളിവിടെ അലഞ്ഞുതിരിഞ്ഞു നടക്കുന്നു.

മാലതി. ഭ്രാന്തനോ?!

രാ. ശേ. അതെ.

ഗോ. മേ. എന്താ മോളെ ഭ്രാന്തനെന്നു കേൾക്കുമ്പോൾ നിനക്കു് പേടി തോന്നുന്നുണ്ടോ?

മാലതി. (ഒന്നും മിണ്ടിയില്ല. അവർ അകത്തേക്കു് പോകുന്നു. പിറകെ മററിരുവരും പോകുന്നു. രംഗത്താരുമില്ല. രംഗത്തു് ക്രമേണ ഇരുട്ട് വ്യാപിക്കു

ന്നു. നിമിഷങ്ങൾ കടന്നുപോയി. വെളിയിൽ നിന്നും ബാലൻ ഭയചകിതനായി ഓടിക്കയറി വരുന്നു. അയാളുടെ നെററിയുടെ ഇടതുഭാഗം മുറിഞ്ഞിട്ടുണ്ട്. പ്രാകൃതവേഷം. സ്റ്റോട്ട്ലൈററിന്റെ പ്രകാശത്തിൽ ബാലനെ വ്യക്തമായും കാണാം. അയാൾ ഭയത്തോടെ കൂടെക്കൂടെ വെളിയിലേക്കു് നോക്കുന്നു. നിമിഷങ്ങൾ കടന്നുപോയി. അയാൾ മെല്ലെ തിരിഞ്ഞു് ഭ്രാന്തമായ ഗതിവിഗതികളോടെ, ചുവരിലിരിക്കുന്ന ഓരോ ചിത്രങ്ങളും സസൂക്ഷ്മം ശ്രദ്ധിക്കുന്നു. വ്യത്യസ്തമായ ഭാവങ്ങൾ ആ മുഖത്തു് നിഴലിട്ടു മറയുന്നു. നിമിഷങ്ങൾക്കുശേഷം അകത്തുനിന്നും മാലതി കടന്നുവരുന്നു.)

മാലതി. ആരാണതു്? (ബാലൻ തിരിഞ്ഞു നോക്കിയില്ല—)

ആരാണെന്നല്ലേ ചോദിച്ചതു്?

ബാല. (പെട്ടെന്നു് തിരിഞ്ഞു്, യാദൃച്ഛികമെന്നപോലെ) ശ്ശ്....ശ്ശ്.... പേടിക്കേണ്ട. നിന്റെ പേടിയാണു് നിന്റെ ദൈവം! (ഭ്രാന്തമായി ചിരിക്കുന്നു. പെട്ടെന്നു് ചിരി നിർത്തി മാലതിയെ അംഗപ്രത്യാംശം സൂക്ഷിച്ചു നോക്കിക്കൊണ്ടു് മെല്ലെ നടന്നടുത്തു്, അവളുടെ കണ്ണുകളിലേക്കു് തറച്ചു നോക്കിയിട്ടു്.)

എനിക്കു് ദാഹിക്കുന്നു!

മാലതി. കാപ്പി തരാം.

ബാല. (ദൃഷ്ടി പിൻവലിച്ചു് ശൂന്യതയിലേക്കു് നോക്കിക്കൊണ്ടു്) ആത്മാവിന്റെ ദാഹം കാപ്പി കുടിച്ചാൽ തീരുമോ? ഇല്ല. തീരില്ല. (അല്പം കഴിഞ്ഞു്) അവൾ വെളിച്ചമായിരുന്നു.... അവളുടെ മനസ്സിന്റെ അറകളിൽ വെളിച്ചം നിറഞ്ഞുമെത്തിനി

ന്നിതന്നെ. (മാലതിയുടെ അരികിലേക്കു് നടന്നടുത്തു്) ഇരുട്ടിന്റെ അനന്തതീരങ്ങളിൽ വെളിച്ചം ഒളിച്ചിരിക്കുന്നു. അല്ലേ—?

മാലതി. (യാന്ത്രികമായി) അതെ!

ബാലു: (Pouse– പെട്ടെന്നു്, ഉച്ചത്തിൽ—) അല്ല! വെളിച്ചത്തിന്റെ ആത്മാവിലാണു് ഇരുട്ടൊളിച്ചിരിക്കുന്നതു്. (ചിരിക്കുന്നു. അല്പം കഴിഞ്ഞു്) നീ അറിയുമോ?

മാലതി: ആരെ–?

ബാലു: അവളെ!

മാലതി: എനിക്കു് മനസ്സിലായില്ല.

ബാലു: ആക്കമവളെ മനസ്സിലാക്കാനാവില്ല. (Pouse) അവളെനിക്കു് ദിവസവും കാപ്പി തരുമായിരുന്നു. ഞാനതു് കുടിക്കുമ്പോഴും, അവളതും നോക്കി അവളെന്നോടു് ചേർന്നു നില്ക്കുമായിരുന്നു. (Pouse) അതു നീയല്ലേ?

മാലതി: (ഭീതിയോടെ) അല്ല!

ബാലു: അല്ലേ? അവരും നിന്നേപ്പോലെയിരുന്നിരുന്നു!

മാലതി: നിങ്ങൾക്കു ഭ്രാന്താണു്!!

(പെട്ടെന്നു് ബാലൻ ആർത്തു് പൊട്ടിച്ചിരിക്കുന്നു. ആ മുഖം പൈശാചികമാകുന്നു.)

ബാലു: എനിക്കു് ഭ്രാന്താണു്! (വീണ്ടും ചിരി.) ഭീകരമായ ഭാവത്തോടെ മാലതിയോടടുക്കുന്നു. മാലതി ഭയപ്പാടോടെ പിന്നോക്കം നടന്നു് ''അമ്മാ!" എന്നു വിളിച്ചുകൊണ്ടു് അകത്തേക്കോടാൻ ഭാവിക്കുമ്പോൾ അകത്തുനിന്നും രാജശേഖരൻ "മാലതി''

യെന്നു് വിളിച്ചുകൊണ്ടു് കടന്നുവരുന്നു. പെട്ടെന്നു് ബാലനെ കണ്ടു്—ഒരു നിമിഷം നിന്നു—മാലതി യെ നോക്കി.)

മാലതി: ഭ്രാന്തൻ!

രാ: ശേ: നീ ഭയന്നോ?

(മാലതി "ഉവ്വു"ന്നു് തലയാട്ടി.)

സില്ലിഗേൾ! അകത്തേക്കു് പൊയ്ക്കോള്ളു.

(മാലതി തിരിഞ്ഞുനോക്കിക്കൊണ്ടകത്തേക്കു പോകുന്നു.)

ങ്ഉം? നിങ്ങൾക്കെന്തു് വേണം?

ബാല: എനിക്കു് വേണ്ടതോ? സ്വർഗ്ഗം! ഞാൻ സ്വപ്നം കണ്ട സ്വർഗ്ഗം! അവിടെ ഞാനും അവളും മാത്രമേ യുള്ളു.

രാ: ശേ: നിങ്ങളെന്തിനാണിങ്ങനെ അലഞ്ഞുതിരിഞ്ഞു നടക്കുന്നതു്?

(ബാലൻ അതു് ശ്രദ്ധിക്കുന്നില്ല. അവൻ അവന്റേതു മാത്രമായ ഏതോ അജ്ഞാത സ്വപ്നലോകത്താണു്.)

ചോദിച്ചതു് കേട്ടില്ലേ?

ബാല: (തിരിഞ്ഞു്) നിങ്ങളെന്തെങ്കിലും ചോദിച്ചോ?

രാ: ശേ: നിങ്ങളുടെ നെററി മുറിഞ്ഞിരിക്കുന്നല്ലോ?

ബാല: പിടഞ്ഞെഴുന്നേററു് ഭയന്നു്—പുറത്തേക്കു് നോക്കിക്കൊണ്ടു്) അവരെന്നെ എറിഞ്ഞു; കല്ലുകൾകൊണ്ടു്! (നെററി കൈത്തലം കൊണ്ടു് തടവി—കൈയ്യിൽ പററിയ രക്തം നോക്കി) കണ്ടില്ലേ-? ചോര!! (പുറത്തേക്കുനോക്കി) അവരിനിയും വരും!!

ആ കൂട്ടത്തിൽ അവളുടെ അധരനം കാണം!!

രാ: ശേ: പേടിക്കേണ്ട. ഇവിടെ വന്ന് ആരും നിങ്ങളെ ഉപദ്രവിക്കില്ല. അവിടെയിരിക്കൂ.

(ബാലൻ സാവധാനം ദൃഷ്ടികറം തിരിച്ച്, ദയനീയമായി രാജശേഖരനെ നോക്കിക്കൊണ്ട്—)

ബാല: എനിക്ക് വിശക്കുന്നു!

രാ: ശേ: (അകത്തേക്ക് നോക്കി) മാലതി! കാപ്പി കൊണ്ടുവരൂ. (ആ നാമ ശ്രവണമാത്രയിൽ–കേട്ടുമറന്ന എന്തോ– ഓർമ്മിച്ച മനസ്സിലുറപ്പിക്കുംപോലെ ''മാലതി, മാലതി'' എന്ന് ബാലൻ പിറുപിറുക്കുന്നു– ഇടതു വശത്തേക്ക് നടക്കുന്നു.)

ബാല: അവളെന്റെ എല്ലാമായിരുന്നു!

രാ: ശേ: ആര്?

ബാല: അവറം!

രാ: ശേ: എന്നിട്ടവളെവിടെ?

ബാല: ആക്കറിയാം........ (വിദൂരതയിൽ നോട്ടമുറപ്പിച്ച്– ഏകാന്തസ്മരണയോടെ–) ഇന്നെന്റെ മനസ്സ് ശൂന്യമാണ്. ഈ പ്രപഞ്ചം ശൂന്യമാണ്. പൂക്കളും, നക്ഷത്രങ്ങളും, ഗാനങ്ങളുമില്ലാത്ത പ്രപഞ്ചം! ഞാനീ പ്രപഞ്ചത്തിലെ അർത്ഥശൂന്യമായ ഒരു ബിന്ദുമാത്രം! (പൊട്ടിച്ചിരിക്കുന്നു.)

രാ: ശേ: (അസഹ്യതയോടെ–) നിർത്തൂ!

ബാല: എന്താ, നിങ്ങറംക്ക് ചിരി ഇഷ്ടമല്ലേ?

രാ: ശേ: ചിരി– ഇഷ്ടമാണ്.

ബാല: അവറംക്ക് ഭംഗിയായി ചിരിക്കാനറിയാം. അവറം ചിരിക്കുമ്പോറം, കവിളിൽ മഴവില്ല് വിടരുമായിരുന്നു!

രാ: ശേ: ആരു്?

ബാല: എന്റെ മാലതി.

(അതുകേട്ടുകൊണ്ടു് മാലതി പ്രവേശിക്കുന്നു. കാപ്പി യുമായി. കാപ്പിപാത്രം അവളുടെ കൈയ്യിൽനിന്നും താഴെ വീണു. അവളറിയാതെ. രാജശേഖരൻ അതു ശ്രദ്ധിച്ചു. അവളതറിഞ്ഞില്ല. അവളേതോ അദൃശ്യ ലോകത്താണു്.)

രാ. ശേ. വേറെ കാപ്പി കൊണ്ടുവരു.

(മാലതി സമനില വീണ്ടെടുത്തു്—നിലത്തു വീണ പാത്രവുമെടുത്തുകൊണ്ടു് മെല്ലെ അകത്തേക്കു പോകുന്നു.)

ബാല. (പെട്ടെന്നു് ഞെട്ടി.) അവരിനിയും വരും! അവരെന്നെ കല്ലെറിയും! അക്കൂട്ടത്തിൽ അയാളും കാണും!

രാ. ശേ. ആരു്?

ബാല. അവളുടെ അച്ഛൻ!

രാ. ശേ. നിങ്ങൾക്കയാളെ പേടിയാണോ?

ബാല. അയാളെന്നെക്കൊല്ലും!

(കാപ്പിയുമായി മാലതി വരുന്നു.)

രാ. ശേ. (മാലതിയോടു്.) അയാൾക്കു് കൊടുക്കൂ.

(മാലതി മടിച്ചു നിൽക്കുന്നു.)

രാ. ശേ. പേടിക്കേണ്ട. അയാൾ ഉപദ്രവിക്കില്ല.

(മാലതി കാപ്പി ടീപ്പോയിൽ വെയ്ക്കുന്നു.)

(ബാലനോടു്) കുടിച്ചുകൊള്ളൂ.

ബാല. (മെല്ലെ കാപ്പി കയ്യിലെടുത്തു് അതിൽ സൂക്ഷി ച്ചുനോക്കി. എന്നിട്ടു് മാലതിയേയും രാജശേഖര

നേയും മാറിമാറി ശ്രദ്ധിച്ചു. കാപ്പി മെല്ലെ തറയി ലേക്കൊഴിക്കുന്നു.)

രാ. ശേ. എന്താണിതു്?

ബാല. ശ്ശ്....ശ്ശ്.... വിഷം!

രാ. ശേ. വിഷമോ?!

ബാല: അവളുടെ അഛൻ ഇതിൽ വിഷം ചേർത്തിട്ടുണ്ടു്. എന്നെ കൊല്ലാൻ!

രാ. ശേ. (ചിരിച്ചു്) അതിവിടെയുണ്ടാക്കിയ കാപ്പി യാണു്. ഈ നില്ക്കുന്ന എന്റെ ഭാര്യ.

ബാല. (Pouse–"ഭാര്യ"യെന്നുള്ള വാക്കു് ആവർത്തിച്ചു് പിറുപിറുക്കുന്നു. വിദൂര സ്മരണകളോടെ) കേട്ടില്ലേ?

രാ. ശേ. എന്തു്?

ബാല. കൊട്ടും വാദ്യരവവും. അവളുടെ കല്യാണമാ ണു്. നിറപറയുടേയും, നിലവിളക്കിന്റേയും മുൻ പിൽ അവളിരിക്കുന്നു. [കൊട്ടും വാദ്യരവയുടേയും അവ്യക്തമായ ശബ്ദം.]

[പെട്ടെന്നു് തിരിഞ്ഞു് മാലതിയെ നോക്കി, നിറ ഞ്ഞ ആഹ്ലാദത്തോടെ–]

കേട്ടോ?

(മാലതി മിണ്ടിയില്ല. ശിരസ്സു കുനിച്ചവൾ നിന്നു. അവ്യക്തമായ ഒരു ഗാനത്തിന്റെ ഈരടികൾ കേൾ ക്കുന്നു.)

അവൾ പാടുന്നു. കല്യാണത്തിന്റെ തലേദിവസ വും അവളീ പാട്ടാണു് പാടിയതു്.

(Pouse– അവന്റെ ആത്മാവിൽ അജ്ഞാതമായ ഒരു ഗാനത്തിന്റെ ഈരടികൾ അനുരണനം ചെയ്യു

കയാണു്. മറ്റെല്ലാം മറന്നു്, അവന്റേതായ ഒരു ലോകത്തിൽ വിഹരിച്ചുകൊണ്ടു്, യാന്ത്രികമായി അവൻ പുറത്തേക്കു് നടന്നു മറയുന്നു. അകന്നുപോകുന്ന അവനേയും നോക്കി, നഷ്ടപ്പെട്ടുപോയ ഒരു വസന്തത്തെക്കുറിച്ചുള്ള തപ്തസ്മരണകളുമായി മാലതി നിശ്ചലം നിൽക്കുകയാണു്.)

രാ. ശേ. (ഒരു നിമിഷം കഴിഞ്ഞു്—മാലതിയെ ശ്രദ്ധിച്ചു്) മാലതി. (മാലതി അതു് കേട്ടില്ല.)
(വീണ്ടും വിളിച്ചു.) മാലതി!

മാലതി: (ഞെട്ടിയുണർന്നു്) എന്തേ?!

രാ: ശേ: അയാളേക്കുറിച്ചോർത്തു് നിനക്കു് ദുഃഖം തോന്നുന്നുവല്ലേ? (കടിച്ചമർത്തിയ ദുഃഖത്തോടെ, വികാരങ്ങളെ നിയന്ത്രിക്കുവാൻ ശ്രമിച്ചുകൊണ്ടു്, അവൾ ശിരസ്സു് കുനിച്ചു നിന്നു.)

രാ: ശേ: (വാച്ചുനോക്കി.) എനിക്കു് ക്ലബ്ബിൽ പോകാൻ സമയമായി. ഞാൻ പോകുന്നു. അച്ഛനോടു് പറഞ്ഞേക്കൂ.
(പുറത്തേക്കു പോകുന്നു.)

(അമർത്തിപ്പിടിച്ചിരുന്ന മാലതിയുടെ ദുഃഖം അണപൊട്ടിയൊഴുകി. നിയന്ത്രണാധീതയായി അവൾ വിതുമ്പിക്കരഞ്ഞു. ഗോപാലമേനോൻ സാവധാനം മുറിക്കുള്ളിൽ നിന്നും കടന്നുവരുന്നു. നിമിഷങ്ങളോളം മകളെ നോക്കിനിന്നു. അയാളറിയാതെ ഒരു ദീർഘനിശ്വാസം അയാളിൽ നിന്നും പുറപ്പെട്ടു.)

ഗോ. മേ. മോളെ! (അവൾ തിരിഞ്ഞുനോക്കി.)
(അടുത്തുചെന്നു് മകളുടെ തോളിൽപിടിച്ചു്) അച്ഛ

നെല്ലാം കേട്ടു. എന്റെ മോളച്ഛനോട്ട ക്ഷമിക്കൂ!
(തിരിഞ്ഞ് സാവധാനം അകത്തേക്ക പോകുന്നു. സാന്ദ്രീകരിച്ച ദുഃഖത്തിന്റെ ശാശ്വത പ്രതീകംപോലെ അച്ഛൻ പോയ വഴിയെ നോക്കി അവാം നിന്നു. അവാം സാവധാനം നടന്നു് നടുമുറിയുടെ വാതിൽക്കൽ ചെന്നുനിന്നു് ചുവരിൽ മുഖമമർത്തി തേങ്ങിക്കരയുന്നു. ദുഃഖത്തിന്റെ അനന്തതീരങ്ങളിൽ എവിടെയോ നിന്നും ശ്രവണസുഭഗമായ ഒരു ഗാനത്തിന്റെ ഈരടികാം അന്തരീക്ഷത്തിലൂടെ അലയടിച്ചെത്തി. ഗാനാവസാനത്തോടെ ബാലൻ ഒരു സ്വപ്നജീവിയെപ്പോലെ വീണ്ടും കടന്നുവരുന്നു. നിമിഷങ്ങളോളം നിന്നു. ഗാനമവസാനിച്ചു. മാലതി മറെറല്ലാം മറന്നു് "ബാലേട്ടാ" എന്നു വിളിച്ചു. പെട്ടെന്നു് അകത്തുനിന്നും ഗോപാലമേനോൻ കടന്നുവരുന്നു.)

ഗോ. മേ. (രംഗം കണ്ടു് പകച്ച്) മാലതി!

(മാലതി ഞെട്ടിത്തിരിഞ്ഞുനോക്കി.)

ദുഃഖം വില കൊടുത്തുവ ങ്ങാനാണു് നിന്റെഭാവം!?

മാലതി: അച്ഛാ!

ഗോ. മേ. (പെട്ടെന്നു് തിരിഞ്ഞ് ബാലനോട്ട്) ദ്രോഹീ! നീ എന്തിനിവിടെ വന്നു? എന്റെ മോളെ കൊല്ലാനൊ?!

(മാലതിയെത്തന്നെ ശ്രദ്ധിച്ചുകൊണ്ടു് നിർവ്വികാരനായി ബാലൻ നിൽക്കുകയാണു്.)

ഇനിയും നിനക്കു് മതിയായില്ലെ? എന്റെ മോളെ കണ്ണീരു കുടിപ്പിച്ചതു് മതിയായില്ലെ? എറങ്ങിപോടാ ഇവിടന്നു്............ എറങ്ങിപ്പോകാനല്ലെ പറഞ്ഞതു്.

മാലതി. അഛാ! (ഗോപാലമേനോൻ ബാലന്റെ ചെകിട്ടത്താഞ്ഞടിക്കുന്നു.)

മാലതി. അഛാ! (ഗോപാലമേനോൻ വീണ്ടും അടിക്കാൻ കൈയ്യോങ്ങുന്നു.)

(ക്രുദ്ധയായി.) തൊടരുതു്!

ഗോ. മേ. (അടിക്കാനുയർത്തിയ കൈ അതേപടി നിന്നു.) മോളെ!

മാലതി. ബാലേട്ടനെ തൊട്ടുപോകരുതു്!

(ആകെത്തളർന്നവനെപ്പോലെ ഇരുവരേയും മാറിമാറി നോക്കിയശേഷം ഗോപാലമേനോൻ മെല്ലെ അകത്തേക്കു് പോകുന്നു.) (മാലതി വിതുമ്പി)

ബാലേട്ടാ! (അവൾ ഓടിച്ചെന്നു്, ശിലാവിഗ്രഹം പോലെ നിന്നിരുന്ന ബാലന്റെ മാറിൽ മുഖമമർത്തി അവൾ വിതുമ്പിക്കരഞ്ഞു.)

എന്റെ ബാലേട്ടാ!

(പുറത്തുനിന്നും രാജശേഖരൻ പ്രവേശിക്കുന്നു. രംഗം കണ്ടു് അയാൾ സ്തബ്ധനായി നിന്നു. ഒരു നിമിഷംകൊണ്ടു് അയാൾ സമനില വീണ്ടെടുത്തു. മെല്ലെ നടന്നു് ചുവരിൽ തൂക്കിയിരുന്ന ബാററെടുത്തു. അപ്രതീക്ഷിതമായി അയാളെ കണ്ട മാലതി, ബാലനിൽനിന്നും പെട്ടെന്നു് ഞെട്ടിമാറി. അവൾ രാജശേഖരനെ പകച്ചുനോക്കി.)

രാ, ശേ: (ക്ഷണിച്ചുവരുത്തിയ പുഞ്ചിരിയോടെ_ നിർവ്വികാരമായി.) ബാററെടുക്കാൻ മറന്നുപോയി!

(അയാൾ കൂടുതൽ ഉന്മേഷവാനായിത്തോന്നി.)

—കർട്ടൻ—

രംഗം രണ്ടു്

(മുൻ രംഗം തന്നെ. സജ്ജീകരണങ്ങൾക്കു് മാററമില്ല. തികഞ്ഞ അസ്വാസ്ഥതയോടെ രാജശേഖരൻ മുറിയിൽ ഉലാത്തുന്നു. അവസാനം കസേരയിൽ വന്നിരുന്നു് ഒരു സിഗററിനു് തീ കൊളുത്തി. വലിച്ചിരുത്തി ആഞ്ഞു പുക വിടുന്നു. അലിഞ്ഞവസാനിക്കുന്ന പുകയിലേക്കു് നോക്കി തീവ്രമായ ചിന്തയോടെ ഇരിക്കുമ്പോൾ ഫോൺ ബല്ലടിക്കുന്നു.)

രാ: ശേ: (അലസമായി റിസീവറെടുത്തു്.) യസ് രാജശേഖരൻ ഹിയർ........ ഡോക്ടർ ജെയിംസാണോ? ....ഓയെസ്........ശെരി ഞാനിവിടെത്തന്നെ കാണും. ഐ ഷാൽ വെയിററ് ഫോർ യൂ. (റിസീവർ താഴെ വച്ചശേഷം തിരിയുമ്പോൾ, മാലതി കാപ്പിയുമായി വാതിൽക്കൽ നിൽക്കുന്നതു് കാണുന്നു. അവളെ ശ്രദ്ധിക്കാതെ കസേരയിൽ പോയിരുന്നു് സിഗററിൻെറ അവസാനത്തെ പുകയും ആഞ്ഞു വലിച്ചശേഷം ആഷ്ട്രേയിൽ കത്തികെടുത്തുന്നു. മേശപ്പുറത്തുനിന്നും ഒരു പുസ്തകമെടുത്തു് അലസമായി അതിൻെറ താളുകൾ മറിക്കുന്നു.)

മാലതി: (അടുത്തു വന്നു്) കാപ്പി.

രാ: ശേ: (പുസ്തകത്തിൽ നിന്നും കണ്ണെടുക്കാതെ) അവിടെ വെച്ചേക്കു. (മാലതി കാപ്പി ടീപോയിൽ വെച്ച് എന്തോ പറയാനുള്ള ഭാവത്തിൽ നില്ക്കുന്നു.)

രാ: ശേ: (തലയുയർത്താതെ.) ങ്ഉം?

മാലതി: ആ ഭ്രാന്തൻ വന്നതിൽ പിന്നീട് എന്നോട് മിണ്ടിയിട്ടില്ല.

രാ: ശേ: (അസഹ്യതയോടെ) പോകുന്നുണ്ടോ ഇവിടുന്നു്.

മാലതി: ഇവിടം വിട്ട് ഞാനെവിടെ പോകാൻ?

രാ: ശേ: നിനക്കിഷ്ടമുള്ളിടത്തേക്ക്.

മാലതി: ഇതിന്റെയൊക്കെ അർത്ഥം?

രാ: ശേ: ഞാനതു് പറയണോ?

മാലതി. ഞാനങ്ങയോട് എന്തു് തെറ്റ് ചെയ്തു?

രാ. ശേ. അതെന്നെക്കൊണ്ട് പറയിപ്പിക്കാനാണ് ഭാവമെങ്കിൽ, മാലതി നിനക്ക് തെറ്റിപ്പോയി.

മാലതി: ഇല്ല, ഞാനൊന്നും പറയുന്നില്ല.

രാ: ശേ: പറയാതിരിക്കാൻ നിനക്കാവില്ല.

മാലതി: അങ്ങെന്നെ വേദനിപ്പിക്കുന്നു.

രാ. ശേ. നൊ. വേദന വിലകൊടുത്തു വാങ്ങിയതു ഞാനാണ്. എന്റെ ജീവിതം. അതാണ് ഞാൻ നല്കിയ പ്രതിഫലം.

മാലതി. മനഃപൂർവ്വം ഞാനങ്ങയെ ദ്രോഹിച്ചിട്ടില്ല.

രാ. ശേ. മനസ്സറിയാതെ സംഭവിച്ചതായിരിക്കും ഇതൊക്കെ?

മാലതി. എന്നു ഞാൻ പറഞ്ഞില്ല.

രാ. ശേ. ഇല്ലേ? പക്ഷെ, നീ പറഞ്ഞതിന്ന് അങ്ങനെയൊരത്ഥം കൂടിയുണ്ട്.

മാലതി: ഞാനുദ്ദേശിക്കാത്ത അത്ഥം.

രാ: ശേ: ആവോ, എനിക്കറിയില്ല.

മാലതി: എന്നോട് ക്ഷമിക്കാൻ അങ്ങേക്കാവില്ലേ?

രാ: ശേ; ഒരു പക്ഷെ പലതും നീയെന്നോട് തുറന്നു പറഞ്ഞിരുന്നുവെങ്കിൽ, എനിക്കതിന്ന് കഴിയുമായിരുന്നു. ഇന്നെനിക്കതിനാവുമെന്ന് തോന്നുന്നില്ല.

മാലതി: തുറന്നുപറയണമെന്ന് ഞാൻ പലപ്പോഴും കരുതി.

രാ: ശേ: എന്നിട്ടുത് നീ പറഞ്ഞില്ല.

മാലതി: ഞാനെല്ലാം പറയാം.

രാ: ശേ: ഇനി എനിക്ക് കേഠക്കണമെന്നില്ല.

മാലതി: പക്ഷെ എനിക്കതു് പറയണം.

രാ. ശേ. എന്റെ ഭാര്യക്കൊരു കാമുകനുണ്ടായിരുന്നു. അതല്ലെ? ആരും പറയാതെ തന്നെ ഇന്നെനിക്കതറിയാം. (വാചാലമായ ഏതാനും നിമിഷങ്ങഠക്കശേഷം.)

മാലതി. തെറ്റുകളിലൂടെ കടന്നുവന്നവളാണ് ഞാൻ. ജീവിതത്തിന്റെ കമ്പോളത്തിൽ സ്നേഹത്തിന്ന് വില കുറവാണെന്ന് ഞാൻ ധരിച്ചിരുന്നില്ല.

രാ. ശേ (പുച്ഛമായി) ഭംഗിയുള്ള വാചകം, കേഠക്കാൻ രസമുണ്ട്. പറഞ്ഞോളൂ.

മാലതി. അങ്ങെന്നെ കളിയാക്കുന്നു.

രാ. ശേ. ഹേയ്, ഒരിക്കലുമില്ല. പറയൂ.

മാലതി. അവസാനം എത്തിച്ചേന്നതു് ഒരു ശരിയിലാ

യിരിക്കുമെന്നു് ഞാൻ വ്യാമോഹിച്ചു.

രാ, ശേ. എന്നിട്ടു്–?

മാലതി. എന്നിട്ടു്– അതങ്ങാണു് നിശ്ചയിക്കേണ്ടതു്.

രാ. ശേ. മാലതി, എനിക്കുത്കണ്ഠയും ആകാംക്ഷയുമുണ്ടെന്നു് നീ ധരിക്കരുതു്! എങ്കിലും അറിയാൻവേണ്ടി ചോദിക്കുന്നു — ആ ഭ്രാന്തൻ?

മാലതി. (നിർവ്വികാരതയോടെ) ബാലേട്ടൻ.

രാ. ശേ. നിന്റെ?

മാലതി. എല്ലാമായിരുന്നു.

രാ. ശേ. അപ്പോൾ അയാളൊരു ഭ്രാന്തനായതിൽ എനിക്കും പങ്കുണ്ടു്. അല്ലേ [redacted] ?

മാലതി. ഇല്ല.

രാ. ശേ. പിന്നെ?

മാലതി. എനിക്കറിയില്ല.

രാ. ശേ. എന്നെ നീ വഞ്ചിക്കുകയായിരുന്നു!

മാലതി. ഒരിക്കലുമല്ല.

രാ. ശേ. ഇനിയും ഞാനങ്ങനെ വിശ്വസിക്കണമല്ലേ?

മാലതി. എന്റെ വികാരം അങ്ങേക്കു് മനസ്സിലാവില്ല. അങ്ങേയ്ക്കല്ല, മററാക്കും അതു് മനസ്സിലാവില്ല. പക്ഷെ ഒന്നെനിക്കറിയാം. ഇന്നും ഞാനങ്ങയെ സ്നേഹിക്കുന്നു. മരിക്കും വരെ അങ്ങയെ സ്നേഹിക്കാതിരിക്കാനെനിക്കാവില്ല.

രാ. ശേ. പക്ഷെ എനിക്കാവില്ല.

മാലതി. എനിക്കറിയാം. തോററുവീഴേണ്ട സന്ദർഭങ്ങളിലെല്ലാം ഞാൻ പിടിച്ചുനിന്നു. പക്ഷെ ഇന്നു്, ഇപ്പോൾ ഇവിടെ ഞാൻ തോററുപോയിരിക്കുന്നു!

രാ. ശേ. തോററതു് ഞാനാണു്. പക്ഷെ ആ തോൽവി എന്റെ ജീവിതത്തിനൊരു ബാദ്ധ്യതയായിത്തീരാൻ ഞാനനുവദിക്കില്ല.

(പുറത്തു് കാറിന്റെ HORN മുഴങ്ങുന്നു. രാജശേഖരൻ ശ്രദ്ധിച്ചു. പുറംവാതിലിനടുത്തെത്തി രാജശേഖരൻ പുറത്തേയ്ക്കു നോക്കിയിട്ടു് തിരിച്ചു വന്നു്.) ഡോക്ടർ ജെയിംസാണു്. എന്റെ അന്തസ്സിനും, നിലനില്പിനും യോജിച്ച രീതിയിൽ നീ മാന്യമായി പെരുമാറു. യൂ ക്യാൻ ഗോ.

(മാലതി അകത്തേക്കു് പോകുന്നു. നിമിഷങ്ങൾക്കു ശേഷം പുറത്തുനിന്നും ഡോക്ടർ ജെയിംസ് പ്രവേശിക്കുന്നു. മുഖത്തു് പ്രസന്നത വരുത്താൻ രാജശേഖരൻ ശ്രമിക്കുന്നു.)

ജെയിം. ഹലോ, രാജശേഖരൻ.

രാ. ശേ. ഹൗ ഡു യൂ ഡു? (പരസ്പരം ഹസ്തദാനം നടത്തുന്നു.)

ജെയിം. ഞാൻ പറഞ്ഞ സമയത്തു തന്നെ എത്തി. അല്ലെ?

രാ. ശേ. ഷുവർ. റേറക്കു് യുവർ സീററു്. (ഇരുവരും ഇരിക്കുന്നു.)

ജെയിം. രാജശേഖരൻ, ക്ലബ്ബിൽ വെച്ചു് മീററു്ചെയ്യാമെന്നാണു് പറഞ്ഞിരുന്നതു്.

രാ. ശേ. ക്ലബ്ബിലേക്കു് വരുവാൻ കഴിഞ്ഞില്ല.

ജെയിം. (രാജശേഖരനെ ശ്രദ്ധിച്ചു്) വാട്ടു് ഹാപ്പൻറു് യൂ? എന്തു പററി?

രാ. ശേ. ഓ നത്തിംഗ്.

ജെയിം. ഒരു മ്ലാനതപോലെ?

രാ. ശേ. എനിക്കോ? ഹേയ് അതു് തന്റെ തോന്ന ലാണു്.

ജെയിം. എന്തോ, തന്നെ കണ്ടിട്ട് എനിക്കങ്ങനെ തോന്നുന്നു.

രാ. ശേ. എല്ലാ മനുഷ്യരും രോഗികളായിരിക്കണമെന്നാണല്ലോ ഡോക്ടർമാരുടെ ആഗ്രഹം.

(ഇരുവരും ചിരിക്കുന്നു.)

ജെയിം. വാസ്തവത്തിൽ ഇങ്ങോട്ടൊരു ട്രാൻസ്ഫർ കിട്ടിയപ്പോഠം താനിവിടെയുണ്ടല്ലോ എന്ന ഒററ ആശ്വാസം മാത്രമാണെനിക്കുണ്ടായിരുന്നതു്.

രാ. ശേ. ആ ആശ്വാസം അസ്ഥാനത്താണെന്നു് പറയുന്നതിൽ എനിക്കു് ഖേദമുണ്ടു്.

ജെയിം. തന്റെ കല്യാണത്തിനു വരാൻ പററിയില്ല. വരാൻ കഴിയാതിരുന്നതിന്റെ കാരണം ഞാൻ തനിക്കെഴുതിയിരുന്നല്ലൊ

രാ. ശേ. ഉവ്വ്.

ജെയിം. തന്റെ വൈഫിനെ ഞാൻ കണ്ടിട്ടില്ല. സുന്ദരിയാണോ?

രാ. ശേ. വിളിക്കാം. (ചിരിച്ചുകൊണ്ടകത്തേയ്ക്കു് നോക്കി–) മാലതീ കാപ്പി കൊണ്ടുവരൂ!

ജെയിം. മാലതിയെന്നാണോ പേരു്?

രാ. ശേ. അതെ.

ജെയിം. ബ്യൂട്ടിഫുഠം നെെം. കേട്ടോ രാജശേഖരൻ. ഞാൻ വിവാഹ ജീവിതം വേണ്ടെന്നു വെച്ചിരിക്കുകയാണു്.

രാ: ശേ. വൈ?

ജെയിം: ഒരു ഡോക്ടറെന്ന നിലയിൽ ഒട്ടനവധി സ്ത്രീ

കളമായി ഇടപഴകാൻ എനിക്കവസരം ലഭിച്ചിട്ടുണ്ട്. അതിന്റെ വെളിച്ചത്തിൽ ചാരിത്രശുദ്ധിയുള്ള ഒററ സ്ത്രീപോലും ഈ ഭൂമുഖത്തു് ഉണ്ടെന്നു് ഞാൻ വിശ്വസിക്കുന്നില്ല.

രാ. ശേ. (ആലോചനയോടെ) യു ആർ കറക്ട്.

ജെയിം. (ഒരു ഫലിതക്കാരനെപ്പോലെ) യസ്, ഐ ആം കറക്ട്. (ഇരുവരും ചിരിക്കുന്നു. മാലതി രണ്ടു കപ്പ് കാപ്പിയുമായി വരുന്നു. ഡോക്ടർ ജെയിംസും, മാലതിയും പരസ്പരം കണ്ടു. ഇരുവരും സ്തംഭരായി നിന്നു. ഒരു നിമിഷം. മാലതി സമനില വീണ്ടെടുത്തു. കാപ്പി ടീപോയിൽ വെച്ചിട്ട് പോകാൻ ഭാവിക്കുന്നു.)

രാ. ശേ. മാലതി. ഇതാണു് ഞാൻ പറഞ്ഞ ഡോക്ടർ ജെയിംസ്. (തിരിഞ്ഞ് ജെയിംസിനോട്) ഇതു് എന്റെ ഭാര്യ മാലതി.

(മാലതി അകത്തേക്കു പോകുന്നു.)

ജെയിം. ആ സ്ത്രീ?

രാ. ശേ. പറഞ്ഞല്ലൊ, എന്റെ ഭാര്യ.

ജെയിം. മാലതിയെന്നു തന്നെയല്ലേ പേരു്?

രാ. ശേ. അതെ. എന്താ താനറിയുമോ?

ജെയിം. കൊട്ടാരക്കരെയുള്ള മുല്ലക്കൽ ഗോപാലമേനോന്റെ—?

രാ. ശേ. മകാം.

ജെയിം. ഞാനറിയും.

രാ. ശേ. എങ്ങനെ?

ജെയിം. ആ കുട്ടി എന്റെയൊരു പേഷ്യൻറായിരുന്നു.

രാ: ശേ: എന്റെ ഭാര്യയാകുന്നതിനു മുമ്പ്?

ജെയിം: അതെ. അഞ്ചുവർഷങ്ങൾക്കു മുമ്പ്.

(ജെയിംസ് അസ്വസ്ഥനാകുന്നു.)

രാ: ശേ: (ജെയിംസിലുള്ള മാററം ശ്രദ്ധിച്ച്) എന്താണ് ജെയിംസ്?

ജെയിംസ്: ഇല്ല, ഒന്നുമില്ല.

രാ: ശേ: എന്തുണ്ടെങ്കിലും തുറന്നു പറയൂ.

ജെയിം: തുറന്നു പറയാൻ............വിഷമമുണ്ട്.

രാ: ശേ: അവളെ സംബന്ധിച്ച് ഞാനറിയാത്ത ഒരു രഹസ്യം താൻ സൂക്ഷിക്കുന്നുണ്ടല്ലേ?

(ജെയിംസ് രാജശേഖരനെ നോക്കുന്നു.)

രാ: ശേ: (ചിരിച്ച്) തുറന്നു പറയൂ. ഞാൻ ബോധം കെട്ടു വീഴില്ല.

ജെയിം: (അസഹ്യതയോടെ) രാജശേഖരൻ!

രാ: ശേ: വിഡ്ഢി! അവൾക്ക് ഒരു കാമുകനുണ്ടായിരുന്നു. അതല്ലെ ആ രഹസ്യം?

ജെയിം: അല്ല.

രാ: ശേ: പിന്നെ?

ജെയിം: ഒരു ഡോക്ടറെന്ന നിലയിൽ ഞാനതു് പറയാൻ പാടില്ലാത്തതാണ്. പക്ഷെ ഒരു മനുഷ്യനെന്ന നിലയിൽ തന്നോടെനിക്കതു് പറയാതിരിക്കാനുമാവില്ല. കാരണം നമ്മൾ തമ്മിലുള്ള ബന്ധത്തിന് വർഷങ്ങളുടെ പഴക്കമുണ്ട്.

രാ: ശേ: അതെനിക്കറിയാം.

ജെയിം: അറിഞ്ഞുകൊണ്ടൊരു ബന്ധം തകർക്കാൻ ഞാനിഷ്ടപ്പെടുന്നില്ല.

രാ: ശേ: തകന്ന ബന്ധമാണെങ്കിലോ?

ജെയിം: രാജശേഖരൻ!

രാ: ശേ: പറഞ്ഞോളൂ. സമ്പൂർത്തമായ ദുഃഖത്തിൻെറ അവതാരമാണിന്നു ഞാൻ. എന്തും സഹിക്കാനുള്ള കരുത്തിന്നെനിക്കുണ്ട്.

(മാലതി അകവാതിലിനടുത്തെത്തി അവരുടെ സംഭാഷണം ശ്രദ്ധിച്ച് നിൽക്കുന്നു. മററിരുവരും അവളെ കാണുന്നില്ല.)

ജെയിം: പറയാം. ആ കുട്ടി........

രാ: ശേ: അവൾ?

ജെയിം: ആ കുട്ടി...........

രാ: ശേ: പറയൂ.

ജെയിം. ഒരബോർഷന് വിധേയയായിട്ടുണ്ട്.

രാ: ശേ: (ഞെട്ടി) വാട്ട്?!

ജെയിം: യസ്.

രാ. ശേ: ഈസിററ് ട്രൂ?

ജെയിം. സത്യം മാത്രം.

(മാലതി ഒരു തേങ്ങലോടെ അകത്തേക്ക് പോകുന്നു. രാജശേഖരൻ നിശ്ചലനായി കസേരയിൽ പിടിച്ചു നിൽക്കുന്നു. ആയിരമഗ്നിപവ്വതങ്ങളൊന്നിച്ചു പൊട്ടി, അതിൻെറ ലാവാ പ്രവാഹത്തിൽ ഒലിച്ചു പോകുമെന്നവസ്ഥയാണയാൾക്ക്.)

ജെയിം. രാജശേഖരൻ കൊച്ചു കുട്ടികളെപ്പോലെ ദുർബലനാകാതിരിക്കൂ.

രാ. ശേ. വഴുതി വീണിടത്തെല്ലാം പിടിച്ചു നില്ക്കാൻ ഞാൻ ശ്രമിച്ചു. പക്ഷെ, ഇപ്പോഠം.................. ജെയിംസ്, തനിച്ചിരുന്നെനിക്കല്പം കരയണം. നിങ്ങഠം പോകൂ.

ജെയിം. രാജശേഖരൻ.

രാ: ശേ: പ്ലീസ് ഗോഎവേ ഫ്രം ഹിയർ.

ജെയിം. —സുഖദുഃഖങ്ങളുടെ സങ്കരമാണ് ജീവിതം. രണ്ടിലേതെങ്കിലും ഒന്നേ പാടുള്ള എന്നു ശഠിക്കുന്നതു ശരിയല്ല. (മെല്ലെ പുറത്തേക്ക് നടക്കുന്നു. തിരിഞ്ഞുനിന്നു ഒരു നിമിഷം രാജശേഖരനെ ശ്രദ്ധിച്ചിട്ട്.) ഞാൻ പോകുന്നു. (പെട്ടെന്നു പുറത്തേക്ക് പോകുന്നു. വെളിയിൽ കാർ സ്റ്റാർട്ട് ചെയ്തു പോകുന്ന ശബ്ദം. അസഹ്യമായ മാനസിക സംഘർഷത്തോടെ രാജശേഖരൻ നിശ്ചേതനായി ഇരിക്കുന്നു. പുറത്തു നിന്നു ഗോപാലമേനോൻ പ്രവേശിക്കുന്നു.)

ഗോ. മേ. ങ് രാജശേഖരാ. ഞാൻ നമ്മുടെ പേഷ്കാർ ഗോവിന്ദപ്പിള്ള അദ്ദേഹത്തെ ഒന്നു കാണാൻവേണ്ടി പോയി. അറിയില്ലേ? അയാഠം എന്റെയൊരു പഴയ സുഹൃത്താ. ഇവിടെ വന്ന സ്ഥിതിക്ക് അയാളെ കാണാതെ പോകുന്നതു ശരിയല്ലല്ലോ. (രാജശേഖരനെ ശ്രദ്ധിച്ച്) നിനക്കെന്താണൊരു വല്ലായ്മ?

രാ: ശേ: നിങ്ങഠംക്കതു തോന്നുന്നുണ്ടല്ലെ?

ഗോ: മേ: രാജശേഖരനെന്തോ മനസ്സിൽ വച്ചു സംസാരിക്കുന്നു.

രാ: ശേ: ഞാൻ സംസാരിച്ചതാണ് തെററ്. നിങ്ങഠം പ്രവത്തിച്ചതിലല്ല—?

ഗോ: മേ: ഞാൻ എന്തു് പ്രവൎത്തിച്ചുവെന്നാണു് നീ പ്ര റയുന്നതു്?

രാ: ശേ: അതു് ഞാൻ പറയാതെ തന്നെ നിങ്ങൾക്കറി യാമല്ലൊ. ...മരനം മകളും കൂടി എന്നെ വഞ്ചിക്ക കയായിരുന്നു!

ഗോ: മേ: രാജശേഖരാ!

രാ: ശേ: ഒരു വേശ്യയേക്കാൾ അധഃപതിച്ചവളായിരു ന്ന എന്റെ ഭാര്യയെന്നു് ഞാനൊരിക്കലും കരുതി യിരുന്നില്ല.

ഗോ: മേ. രാജശേഖരാ! നീ എന്റെ അഭിമാനത്തി ന്റെ മുഖത്താണു് കാക്കിച്ചു തുപ്പുന്നതു്.

രാ. ശേ. സ്വന്തം മകളെ വിററു് കാശുമാററുന്ന അഛ ന്റെ അഭിമാനം! അവിടെയാണു് ഞാൻ കാക്കി ച്ചു തുപ്പിയതു്. ഒരു ഭാൎയ്യയുടെ ഭാഗം ഒരു വേശ്യ ഇത്ര നന്നായി അഭിനയിക്കുമെന്നു് ഞാൻ കരുതി യില്ല.

ഗോ. മേ. (ക്രുദ്ധനായി) രാജശേഖരാ!

രാ. ശേ. സത്യം പറയുമ്പോൾ കുറെ ഉച്ചത്തിൽ പേരു വിളിച്ചതുകൊണ്ടു് കാൎയ്യമായില്ല.

ഗോ. മേ. ഞാൻ ഒരു രോഗിയാണെന്നുള്ള കാൎയ്യം മറ ന്നുകൊണ്ടു് രാജശേഖരൻ സംസാരിക്കുന്നു.

രാ. ശേ. അമൃതെന്നു് കരുതി ഞാൻ ഭക്ഷിച്ചതു് മററൊ രുത്തന്റെ ഉഛിഷ്ടമായിരുന്നു അല്ലെ?

ഗോ. മേ. ഞാൻ........

രാ. ശേ. എനിക്കറിയാം. സ്വാൎത്ഥതയുടെ സമൂൎത്ത

രൂപമാണ്‍ നിങ്ങൾ!

ഗോ. മേ. ഞാനൊന്നു പറയട്ടെ.

രാ. ശേ. എനിക്കു കേൾക്കേണ്ട.

ഗോ. മേ. തെററു തിരുത്താൻ വേണ്ടിയല്ല; പശ്ചാത്താപംകൊണ്ടുമല്ല. തെററുകളുടെ വിഴപ്പുഭാണ്ഡം ഏതെങ്കിലും ഒരത്താണിയിൽ ഇറക്കിവെച്ച്‍ എനിക്കൊന്നാശ്വസിക്കണം. അതിനുവേണ്ടിയാണ്‍.

രാ. ശേ. ഞാനൊരു ബലിമൃഗമായിരുന്നുവല്ലേ?

ഗോ. മേ. ഒരിക്കലുമല്ല.

രാ. ശേ. പിന്നെ?

ഗോ. മേ. പറയാം രാജശേഖരാ പറയാം. ഇരുപത്തൊമ്പതു്‍ വർഷങ്ങൾക്കു മുമ്പുള്ള ഒരു കഥ! പൊറുക്കാനാവാത്ത ഒരു തെററ്‍ അന്നു ഞാൻ ചെയ്തു. എൻെറ വീട്ടിൽ നിന്നിരുന്ന ഒരു വേലക്കാരിയുടെ കുഞ്ഞിൻെറ അഛനാകേണ്ടിവന്നതാണാ തെററ്‍! (Pouse. രാജശേഖരൻ ഗോപാലമേനോനെ നോക്കുന്നു.) ചുളിവു വീഴാത്ത നോട്ടുകെട്ടുകൾകൊണ്ട്‍ എൻെറ പാപഭാരം ഞാൻ മറെറാരുത്തനിൽ ഇറക്കി വെച്ചു. എൻെറ മാന്യത നഷ്ടപ്പെടാതെ ഞാൻ രക്ഷപ്പെട്ടു. അവൻ വളൎന്നു. അതു നോക്കിനിന്നു ഞാൻ സന്തോഷിച്ചു. മോനേയെന്നു വിളിച്ചവനെ ആശ്ലേഷിക്കുവാൻ ഞാനന്ന്‍ എന്തുമാത്രം കൊതിച്ചിരുന്നുവെന്ന്‍ ആൎക്കുമറിയില്ല രാജശേഖരാ. പക്ഷെ— ഞാൻ മാന്യനായിരുന്നു. ആഭിജാത്യവും, അന്തസ്സുമുള്ള കുടുംബത്തിലെ തലമൂത്ത സന്തതിയായിരുന്നു........ (രാജശേഖരനെ ഒന്നു നോക്കിയശേഷം മുഖം തിരിച്ച്‍.) രാജശേഖരാ. എൻെറ മൂത്ത കുട്ടി മാലതിയല്ല.

രാ. ശേ. (Pouse– ചോദ്യഭാവത്തിൽ നോക്കുന്നു.)

ഗോ. മേ. ആ ഭ്രാന്തൻ– ബാലൻ, അവനാണെൻെറ മൂത്ത മകൻ!

രാ. ശേ. (Pouse– രാജശേഖരൻെറ മുഖത്തു് അവിശ്വസനീയമായ ഭാവം.)

ഗോ. മേ. കാലം ആക്കുവേണ്ടിയും കാത്തുനിന്നില്ല. മാലതിയും, ബാലനും വളൎന്നു! എങ്ങിനെയോ അവർ തമ്മിൽ സ്നേഹമായി. അതു് ഞാനറിയുന്നതിനു മുമ്പു് നടക്കാൻ പാടില്ലാത്തതെല്ലാം നടന്നു കഴിഞ്ഞിരുന്നു രാജശേഖരാ! (Pouse)

രാ. ശേ. എന്നിട്ടാവ്യചരിഷ്ടം ഏല്പിക്കാൻ എന്നെയാണു് കണ്ടെത്തിയതല്ലെ?

ഗോ. മേ. എനിക്കും എൻെറ മകൾക്കും ജീവിക്കുവാനുള്ള ആഗ്രഹം നഷ്ടപ്പെട്ടിരുന്നില്ല.

രാ. ശേ. അതിനു് നിങ്ങളെൻെറ ജീവിതം തകൎത്തു!

ഗോ. മേ. ആഗ്രഹിക്കാത്തതെല്ലാമാണു് നടന്നതു്.

രാ ശേ. എനിക്കൊന്നും കേൾക്കേണ്ട. രണ്ടു ജീവിതങ്ങളാണു് നിങ്ങൾ തകൎത്തതു്. ഒരു മനുഷ്യനെ നിങ്ങൾ ഭ്രാന്തനാക്കി. ഇനി, എന്നെയും നിങ്ങളൊരു ഭ്രാന്തനാക്കും!

ഗോ. മേ. പുണ്ണിലിട്ടു കത്തി വേദനിപ്പിക്കരുതു്!

രാ. ശേ: നിങ്ങൾ ആത്മഹത്യ ചെയ്യത്തക്ക രീതിയിൽ സംസാരിക്കുവാൻ കഴിഞ്ഞിരുന്നെങ്കിലെന്നു ഞാനാഗ്രഹിക്കുകയാണു്.

ഗോ: മേ: തെററു തിരുത്താൻവേണ്ടി, ഞാനാവത്തിച്ചാവത്തിച്ചു് തെററുകൾ ചെയ്തു. എന്നെങ്കിലുമൊരിക്കൽ എല്ലാം ശരിയാവുമെന്നു് ഞാൻ വ്യാമോ

ഹിച്ചു. ആത്മഹത്യ ചെയ്യാൻപോലും കഴിയാത്ത ഒരു ഭീരുവാണ് ഞാൻ– പക്ഷെ, എനിക്കൊന്നു പറയുവാനുണ്ട്. എന്റെ മകരം നിരപരാധിയാണ്. അവളിതിനെല്ലാം ഒരു മാപ്പുസാക്ഷി മാത്രമാണ്.

രാ: ശേ: എസ്ക്യൂസുകളൊന്നും എനിക്കു കേരംക്കേണ്ട.

ഗോ: മേ: ഇനിയെല്ലാം നിന്റെ യുക്തം പോലെ.

രാ: ശേ: എന്തു് ചെയ്യുണമെന്നെനിക്കറിയാം.

ഗോ: മേ: തിരുത്താനാവാത്തതാണ് ഞാൻ ചെയ്തതു്. കഴിയുമെങ്കിൽ രാജശേഖരാ, അതു് തിരുത്താൻ ശ്രമിക്കൂ! (Pouse) നിനക്കു കൂടുതൽ അസ്വസ്ഥത നല്ലാൻവേണ്ടി ഞാനിനിയും ഇവിടെ നില്ലുന്നില്ല. ഞാൻ പോകുന്നു.

രാ: ശേ: മകളേ കൂടി കൊണ്ടുപൊയ്ക്കൊള്ളൂ.

ഗോ: മേ: (Pouse) രാജശേഖരാ!

രാ: ശേ: (അകത്തേക്കു് നോക്കി.) മാലതി.

ഗോ: മേ: (യാചിക്കുംപോലെ) രാജശേഖരാ.

രാ: ശേ: (ക്രൂരമായി ഗോപാലമേനോനെ നോക്കുന്നു. ഗോപാലമേനോൻ ദയനീയമായി രാജശേഖരനെ നോക്കുന്നു.) ങ്ഉം, കൊണ്ടുപോകൂ. (എല്ലാം തകന്നവനേപ്പോലെ ഗോപാലമേനോൻ തലയും കുമ്പിട്ടകത്തേക്കു് നടക്കുന്നു. തീവ്രമായ അസ്വസ്ഥതയോടെ രാജശേഖരൻ മുറിയിൽ ഉലാത്തുന്നു.)

(അകത്തു്: "എന്റെ മോളെ! രാജശേഖരാ! മോളെ മാലതി" എന്നുള്ള ഗോപാലമേനോന്റെ ഉച്ചത്തിലുള്ള ആത്തനാദം.)

(രാജശേഖരൻ ധൃതിയിൽ അകത്തേക്കു പോകുന്നു. നിണ്ണായകമായ നിമിഷങ്ങരം ഒന്നൊന്നായി കൊ

ഴിഞ്ഞു വീണു. വാചാലമായ ആ നിമിഷങ്ങൾ, കാലത്തിന്റെ ഹൃദയ സ്പന്ദനംപോലെ ക്ലോക്കിന്റെ ''ടക് ടക്'' ശബ്ദം മാത്രം വിതുമ്പി നിന്നു.

രാജശേഖരൻ മെല്ലെ കുനിഞ്ഞ ശിരസ്സുമായി അകത്തുനിന്നും കടന്നുവന്നു. അപ്രതീക്ഷിതമായ അത്യാഹിതമെന്തോ സംഭവിച്ച ഭാവമാണാ മുഖത്ത്. അജ്ഞാതമായ വികാര ഭാവങ്ങളുമായി രംഗത്തിനു നടുവിൽ അയാൾ അനന്തതയിലേക്ക് നോക്കി നിശ്ചലം നിന്നു. അയാളുടെ കണ്ണുകൾ നിറഞ്ഞുപോയി. കസേരയിൽ കുഴഞ്ഞുവീണ് മുഖം കൈപ്പത്തികളിലമർത്തിക്കൊണ്ട് നിയന്ത്രണാധീതനായി അയാൾ തേങ്ങിക്കരഞ്ഞു. വിദൂരതയിൽ നിന്നും ഭ്രാന്തനായ ബാലന്റെ ദുഃഖാത്മകമായ ഗാനം കേൾക്കാം.

ഗോപാലമേനോൻ ദുഃഖത്തിന്റെ മൂർത്തീകരണം പോലെ അകത്തുനിന്നും ഇറങ്ങിവന്നു. രാജശേഖരന്റെ സമീപം ചെന്നു നിന്ന്–)

ഗോ: മേ: രാജശേഖരാ. എന്റെ മകളെ ഇവിടെ നിന്നും വിളിച്ചിറക്കിക്കൊണ്ടുപോകാൻ നീ പറഞ്ഞില്ലെ? പക്ഷെ അവൾക്കീ വീട്ടിൽ നിന്നും പോകാൻ മനസ്സില്ലായിരുന്നു. എങ്കിലും, ആരും വിളിക്കാതെ തന്നെ അവളങ്ങുപോയി! (ഹൃദയം പൊട്ടുന്ന സ്വരത്തിൽ) അവിടെ, അകത്ത് എന്റെ പൊന്നുമോള് മരിച്ചു കിടക്കുന്നു രാജശേഖരാ! (രാജശേഖരൻ തലയുയർത്തി ഗോപാലമേനോന്റെ മുഖത്തേക്ക് സൂക്ഷിച്ചു നോക്കി. നിറഞ്ഞൊഴുകുന്ന നാലു കണ്ണുകൾ, വിധിയുടെ ക്രൂരതയുടെ കഥ പരസ്പരം

ഏറെറ പറഞ്ഞു. ഗോപാലമേനോൻെറ മുഖത്തേക്ക് ഏറെ നേരം നോക്കിനില്ലാൻ കെല്പില്ലാത്തപോലെ രാജശേഖരൻ മുഖം കനിച്ചു. ഗോപാലമേനോൻ മെല്ലെ വെളിയിലേയ്ക്ക് നടക്കുന്നു. തിരിഞ്ഞുനിന്നു് തികഞ്ഞ നിർവ്വികാരതയോടെ—)

മരണത്തിൻെറ വാതില്ക്കലേക്ക് ഇനി ഞാൻ എത്ര ദൂരം നടക്കണം രാജശേഖരാ?

(ഒന്നും പറയാനാവാതെ രാജശേഖരൻ നിന്നു.)

നിഷേധിക്കപ്പെട്ട സ്നേഹത്തിനുവേണ്ടി, അകാലത്തിലകന്നുപോയ, എൻെറ മോക്ഷ്വേണ്ടി കഴിയുമെങ്കിൽ ഒരു നിമിഷം നീ പ്രാത്ഥിക്കു! (കൈത്തലംകൊണ്ടു് കണ്ണുകറം തുടച്ചു്.) എൻെറ മകളുടെ മരണവാത്ത അറിയിക്കേണ്ടവരെ അറിയിച്ചിട്ടു വരാം. അതു വരെ നീ.......... (ബാക്കി പറയാനാവാതെ അയാറം പൊട്ടിക്കരഞ്ഞുപോയി. സാവധാനം വെളിയിലേക്കിറങ്ങി പോകുന്നു. എന്തുചെയ്യണമെന്നറിയാതെ ഗോപാലമേനോൻ പോകുന്നതു നോക്കി രാജശേഖരൻ നിശ്ചലം നിന്നു. അകലെ എങ്ങോ നിന്നും ഭ്രാന്തനായ ബാലൻെറ ദുഃഖഗാനം. അതോടിടകലന്നു് ഭ്രാന്തമായ അട്ടഹാസവും മുഴങ്ങുന്നു.)

—കർട്ടൻ—

അനൗൺസർ: "ഇവിടെ ഒരു തുള്ളി ദുഃഖം അവസാനിക്കുന്നു."